**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | (table below) |
| (ബി) | പ്രതിവർഷം ഓഡിറ്റ് നടത്തുന്നതിലേക്കും മറ്റുമായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വകുപ്പ് ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ സംഘങ്ങളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട് സംഘങ്ങളിൽ നിന്നും വകുപ്പ് ഓഡിറ്റ് ഫീസ്, ഓഡിറ്റ് കോസ്റ്റ് എന്നിങ്ങനെ തുക ഈടാക്കിവരുന്നു.<br><br>**a) ഓഡിറ്റ് ഫീസ്**<br><br>കേരള സഹകരണ സംഘം ചട്ടം 65(1) പ്രകാരം സഹകരണ സംഘത്തിന്റെ വാർഷിക വിറ്റുവരവ്/ മൊത്തവരുമാനം/ പ്രവർത്തന മൂലധനം എന്നിവയെ അടിസ്ഥാനമാക്കി ഓരോ 100/-രൂപയ്ക്കും അതിന്റെ ഭാഗത്തിനും 50 പൈസ എന്ന ക്രമത്തിൽ പരമാവധി ഒരു ലക്ഷം രൂപ ഓഡിറ്റ് ഫീസായി പ്രതി വർഷം സഹകരണ സംഘങ്ങളിൽ നിന്നും ഈടാക്കിവരുന്നു. |

(എ) ഉത്തരം:

| നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2335 |
| 2 | കൊല്ലം | 1349 |
| 3 | പത്തനംതിട്ട | 680 |
| 4 | ആലപ്പുഴ | 1033 |
| 5 | കോട്ടയം | 1032 |
| 6 | ഇടുക്കി | 824 |
| 7 | എറണാകുളം | 1511 |
| 8 | തൃശ്ശൂർ | 1580 |
| 9 | പാലക്കാട് | 957 |
| 10 | മലപ്പുറം | 1137 |
| 111 | കോഴിക്കോട് | 1372 |
| 12 | വയനാട് | 444 |
| 13 | കണ്ണൂർ | 1495 |
| 14 | കാസറഗോഡ് | 644 |
| | ആകെ | 16393 |

കേരള സഹകരണ സംഘം ചട്ടം 65(3) പ്രകാരം ഓഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുള്ള/ഇളവ് ചെയ്തിട്ടുള്ള സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗങ്ങൾ മുഴുവനോ ഭൂരിഭാഗമോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സംഘങ്ങൾ (അപ്പക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ)
2. നിക്ഷേപം സ്വീകരിക്കാത്തതും വായ്പകൾ നൽകാത്തതുമായ എല്ലാ ഫാമിംഗ്/സാമൂഹ്യ ക്ഷേമ സഹകരണ സംഘങ്ങൾ
3. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന സ്വന്തം ചെലവിൽ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ
4. ഒരു സംഘത്തിന്റെ ആദ്യ വർഷത്തെ ഓഡിറ്റ്
5. എല്ലാ നെയ്ത്ത് സംഘങ്ങളുടെയും ആദ്യ 6 വർഷങ്ങളിലെ ഓഡിറ്റ്
6. പ്രവർത്തന മൂലധനം 2000/- രൂപയിൽ കവിയാത്ത വായ്പാ സംഘങ്ങളും വിൽപ്പന/ മൊത്തവരുമാനം 10000/- രൂപയിൽ കവിയാത്ത വായ്പാ സംഘങ്ങളും
7. കയർ സഹകരണ സംഘങ്ങൾ, പ്രാഥമിക മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ, ഖാദി സഹകരണ സംഘങ്ങൾ, മൺപാത്രം, മുള, ജാഗ്ഗരി, ലൈംഷെൽ, ചെത്തു തൊഴിലാളി, അലക്ക് തൊഴിലാളി തുടങ്ങിയ പരമ്പരാഗത സഹകരണ സംഘങ്ങൾ
8. എല്ലാ വനിതാ സംഘങ്ങൾക്കും ക്ഷീര സംഘങ്ങൾക്കും അപ്പക്സ് തലത്തിലുള്ള കയർ സംഘങ്ങൾക്കും 50 ശതമാനം ഇളവ് നൽകുന്നു.

**b) ഓഡിറ്റ് കോസ്റ്റ്**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന സ്വന്തം ചെലവിൽ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന സംഘങ്ങളിൽ നിന്നും വകുപ്പ് ഓഡിറ്റ് കോസ്റ്റ് ഈടാക്കിവരുന്നു. സംഘങ്ങളിൽ ഓഡിറ്റ് ചെയ്യുന്ന ഉദ്യോഗസ്ഥരുടെ തസ്തിക അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് കോസ്റ്റ് ഈടാക്കുന്നത്. ഓഡിറ്റ് കോസ്റ്റിന്റെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

താഴെ സൂചിപ്പിച്ച നിരക്കുകൾക്കൊപ്പം ഓഡിറ്റ് കോസ്റ്റിന്റെ 25% L.S.&P.C. ആയി സംഘങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കുന്നു.

| തസ്തിക | പ്രതിമാസ ഓഡിറ്റ് കോസ്റ്റ് നിരക്ക് (രൂപയിൽ) |
|---|---|
| സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ | 133900/- |
| സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ | 124400/- |
| സഹകരണ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ | 93700/- |

| | |
|---|---|
| സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) | 85250/- |
| സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ | 80850/- |
| സ്പെഷ്യൽ ഗ്രേഡ് സഹകരണ ഓഡിറ്റർ | 70600/- |
| സീനിയർ സഹകരണ ഓഡിറ്റർ | 67300/- |
| ജൂനിയർ സഹകരണ ഓഡിറ്റർ | 61150/- |

(സി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വകുപ്പ് എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(സി) ഓഡിറ്റ് ഫീസിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2023-’24) ഓഡിറ്റ് ഫീസായി 1776.60 ലക്ഷം രൂപയും, ഓഡിറ്റ് കോസ്റ്റായി 11285.72 ലക്ഷം രൂപയും വകുപ്പ് ഈടാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| ജില്ല | ഓഡിറ്റ് ഫീസ് | ഓഡിറ്റ് കോസ്റ്റ് |
|---|---|---|
| തിരുവനന്തപുരം | 282.78 | 2178.97 |
| കൊല്ലം | 94.71 | 763.72 |
| പത്തനംതിട്ട | 47.12 | 310.14 |
| ആലപ്പുഴ | 74.21 | 695.66 |
| കോട്ടയം | 66.65 | 700.12 |
| ഇടുക്കി | 87.64 | 267.00 |
| എറണാകുളം | 153.05 | 1132.94 |
| തൃശ്ശൂർ | 186.76 | 894.73 |
| പാലക്കാട് | 130.53 | 707.71 |
| മലപ്പുറം | 136.07 | 1000.69 |
| കോഴിക്കോട് | 198.20 | 766.94 |
| വയനാട് | 24.01 | 207.65 |
| കണ്ണൂർ | 195.39 | 1277.43 |
| കാസറഗോഡ് | 99.48 | 382.02 |
| **ആകെ** | **1776.60** | **11285.72** |

സെക്ഷൻ ഓഫീസർ